ഗവൺമെന്റ് ഗേൾസ്
ഹയർസെക്കന്ററി സ്കൂൾ വൈക്കം

# തേജസ്

## ലിറ്റിൽ കൈറ്റ്സ്
## ഡിജിറ്റൽ മാഗസിൻ

# GGHSS VAIKOM



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION



HEARTY
WELCOME TO
OUR DIGITAL SCHOOL MAGAZINE





**ഹരിപ്രിയ സജീവൻ**

**ചീഫ് സ്റ്റുഡൻസ് മാഗസിൻഎഡിറ്റർ**

## പട്ടങ്ങൾ ആകാശം തൊടുമ്പോൾ

ഒരു രാജ്യത്തിന്റെ വികസനത്തിന് അത്യാന്താപേക്ഷിതമായ ഒന്നാണ് വിവരസാങ്കേതികവിദ്യ.നമ്മുടെരാജ്യം വളരെ വേഗത്തിൽ മുന്നേറിക്കൊണ്ടിരിക്കുയാണ്.ഗുരുമുഖത്തുനിന്നും അറിവുനേടുന്ന ഒരു തലമുറ ഞങ്ങൾക്ക് മുമ്പുണ്ടായിരുന്നു ഇന്ന് അറിവുകൾ നേടാൻ ഒരു വിരൽത്തുമ്പ്മാത്രംമതി. വിവരസാങ്കേതികവിദ്യയുടെ വളർച്ചയിൽ ഞങ്ങൾക്ക് മുന്നേറാൻ ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതിയാണ് ലിറ്റിൽ കൈറ്റ് സ്. ഞങ്ങൾ ഈ പരിശീലനത്തിലൂടെ വിവരസാങ്കേതികവിദ്യയുടെ അനന്ത വിഹായസ്സിലേക്ക് പട്ടങ്ങൾപോലെ പറന്ന് നേടിയ ചെറിയ അറിവുകളുടെ മുത്തുകൾ നിങ്ങൾക്കായി സമർപ്പിക്കുന്നു.....



# എഡിറ്റോറിയൽ അംഗങ്ങൾ

സുനിമോൾ എം .ആർ (ഹെഡ്മിസ്ട്രസ്)

സുജാത .എ ( കൈറ്റ് മിസ്ട്രസ്)

ഷൈലാബീവി ( കൈറ്റ് മിസ്ട്രസ് )

ബിന്ദുമോൾ പി . ആർ (ഐ റ്റി കോ -ഓർഡിനേറ്റർ)

ഹരിപ്രിയ സജീവൻ ( ചീഫ് സ്റ്റുഡന്റ്സ് എഡിറ്റർ)

രശ്മി സജീവൻ ( സബ് എഡിറ്റർ)

അലീന ജിന (സ്റ്റുഡന്റ് പ്രതിനിധി )

മീനാക്ഷി മോഹൻ (സ്റ്റുഡന്റ് പ്രതിനിധി )

സാന്ദ്ര സി. എസ് (സ്റ്റുഡന്റ് പ്രതിനിധി )

മാളവിക ആർ പ്രസാദ് (സ്റ്റുഡന്റ് പ്രതിനിധി )

ദിയ ബിജു (സ്റ്റുഡന്റ് പ്രതിനിധി )



ശ്രീമതി. സുജാത .എ
(കൈറ്റ് മിസ്ട്രസ്)



ശ്രീമതി. ഷൈലാബീവി
(കൈറ്റ് മിസ്ട്രസ്)

# ആശംസകൾ

## ഗവ. ഗേൾസ് ഹയർസെക്കന്ററി സ്കൂൾ ഹെഡ് മിസ്ട്രസ്

## സുനിമോൾ ടീച്ചർ



ലിറ്റിൽ കൈറ്റ് സ് പരിശീലനത്തിലൂടെ നിങ്ങൾ നേടിയെടുത്ത അറിവുകൾ ഉപയോഗപ്പെടുത്തുന്നതോടൊപ്പം ഈ പുതിയ പഠനരീതി നിങ്ങളുടെ ഭാവിയിലേയ്ക്കുള്ള കാൽവെയ്പ്പായിത്തീരട്ടെ, നമ്മുടെ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന കുട്ടികൾക്ക് അവരുടെയും, സ്കൂളിന്റെയും യശസ്സ് ഉയർത്തുവാൻ കഴിയട്ടെയെന്നും ആശംസിക്കുന്നു. കൂടാതെ ഈ ഡിജിറ്റൽ മാഗസ്സിൻ തയ്യാറാക്കുന്നതിനും, കൈറ്റ് പരിശീലനം നൽകുന്നതിനും ഇതിനുപിന്നിൽ പ്രവർത്തിച്ച കൈറ്റ് മാസ്റ്ററുമാരായ ഷൈലാ ബീവി ടീച്ചറിനും, സുജാത ടീച്ചറിനും നന്ദിയും, ആശംസകളും നേർന്നുകൊള്ളുന്നു.

എന്ന്

ഹെഡ്മിസ്ട്രസ്

എം ആർ സുനിമോൾ

# ഉള്ളടക്കം


| സീരിയൽ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1. | **കേരളം മുങ്ങിയ ആ പ്രളയം** | **1** |
| 2. | **കാലം വിധിച്ച വിഭക്ത്** | **2** |
| 3. | **പ്രളയം മറക്കരുത്** | **3** |
| 4. | **മിഴികളിലൂടെ** | **4** |
| 5. | **കനവിലെ നൊമ്പരം** | **5** |
| 6. | **മാതൃത്വം** | 6 |
| 7. | **കലിതുള്ളി ഭൂമി ഒരു മഴയായി** | 7 |
| 8. | **മാതൃഭൂമി** | 8 |
| 9. | **കണ്ണീർ മഴ** | 9 |
| 10. | **കേരളം** | 10 |
| 11. | കേരളനാട് ജീവനനാട് | 11 |
| 12. | കവിയുടെ ഭൂമി | 12 |
| 13. | മുല്ലപ്പൂ | 13 |
| 14. | പ്രളയം | 14 |
| 15. | പ്രളയമെന്നൊരു ദുരന്തം | 15 |
| 16. | മഴത്തുള്ളികൾ | 16 |
| 17. | പ്രളയക്കെടുതി | 17 |
| 18. | എന്റെ കൂട്ടുകാരി | 18 |

# കേരളം മുങ്ങിയ ആ പ്രളയം

കേരളം നേരിട്ട പ്രളയം
മനുഷ്യർ നേരിട്ട പ്രളയം
ഇപ്പോഴും ഓർക്കുന്നു
കാലം വിധിച്ച പ്രളയം

കാലം വിധിച്ച വിപത്ത്
ലോകത്തേ നശിപ്പിച്ച പ്രളയം
മനുഷ്യർ നേരിട്ട പ്രളയം
ചെറിയ കുട്ടികളുടെ ജീവൻ
എടുത്ത പ്രളയം

മനുഷ്യനെകൊന്നൊടുക്കിയ പ്രളയം
എത്രനാള് കഴിഞ്ഞാലും മറക്കില്ല

അഹല്യ വേണു
9 ബി

## കാലം വിധിച്ച വിഭക്ത്

കാലം വിധിച്ച വിഭക്ത്
മനുഷ്യർ നേരിട്ട ദുരിതം
ലോകം മുഴുവൻ നശിച്ചു
വീടുകൾ എല്ലാം നശിച്ചു
ചെറിയ കുട്ടികളുടെ
ജീവൻ എടുത്തും
ദുരിതം വിധിച്ച പ്രളയം
കേരളം മുഴുവൻ പ്രളയത്തിൽ-
മുങ്ങി ജീവിതദുരിതം പ്രളയം
മലയാള ഭാഷതൻ മാതൃ രാജ്യത്തിൽ
ഇന്ന് നൃത്തനമാടുന്ന പ്രളയം
എത്രനാളുകഴിഞ്ഞാലും മറക്കില്ല
ജീവിത നോവാണ് പ്രളയം
കാലം വിധിച്ച പ്രളയം
മനുഷ്യനെ കൊന്നു തിന്ന പ്രളയം.


അഭിനാമോൾ
9 ബി

# പ്രളയം മറക്കരുത്

മറക്കാൻ ആകാത്ത പ്രളയം
മറന്നാലും ഓർക്കുമാ പ്രളയം
അതോർക്കുമ്പോൾ എൻ ചങ്ക്
തകരുകയായ് .
പ്രളയക്കെടുതി ഇന്നുമോർക്കുന്നു
ഞാൻ .
പ്രളയക്കെടുതിയിൽ കേരള
ജനത തൻ ജീവിതത്തിന്റെ
വില ഓർക്കുന്നു .
പ്രളയം നമ്മെ കൈകൾ
കോർത്ത് പിടിച്ച ഒത്തൊരു-
മിക്കാൻ പഠിപ്പിച്ചു .
അന്ന് ആ നിമിഷം കേരളമാനവൻ
ദൈവ – മത – ജാതികൾ ഇല്ലാതെ
കരങ്ങൾ കോർത്ത് ചങ്ങല പോലെ
ഒരുമിച്ച് ആ ഭീകര
പ്രളയത്തെ അതിജീവിച്ചു ,
ഭീകരപ്രളയത്തെ അതിജീവിച്ചു .
പ്രളക്കെടുതിക്ക് ശേഷം നമ്മെ
ദുഃഖിതരാക്കിയ സംഭവങ്ങൾ .
ജീവജാലപക്ഷിമൃഗാദികളെല്ലാം
ചത്തൊടുങ്ങി ഈ കേരളത്തിൽ .
തൻ പാർപ്പിടം നശിച്ചതിൽ
ജനത ആത്മഹത്യയ്ക്ക് ശ്രമിക്കുന്നു .
ഇനിയുമൊരു ഹരിതകേരള-
ത്തിനായ് നമ്മൾ ഒരുമിച്ച്
കൈകോർത്ത് മുന്നോട്ട് പോകാം .
ജാതി വേണ്ട മതം വേണ്ട
വർഗഭേദമില്ലാതെ ജീവിതം
നമുക്കൊരുമിക്കാം .

അലീന വർഗ്ഗീസ് 9 എ

# മിഴികളിലൂടെ

ആദ്യമായ് നിൻ നീർപളുങ്ക് മിഴികൾ
എൻ കനവിൽ വീഴവെ ....
ആനന്ദമാം എൻ നിനവിന്റെ ഒരു കോണിൽ
എന്നോ കണ്ടറിഞ്ഞ സ്വപ്നം പോലെ
നീ തുടിക്കവെ ......
നിന്റെ കരസ് പർശം കൊണ്ടെൻ ആത്മാവിൽ
ഞാൻ അടക്കിവെച്ച ഓർമ്മകൾ ഉണരവെ
നീ അറിയുന്നുവോ എൻ ആർദ്രമാം മിഴികൾ
നിനക്കായ് കൊതിക്കുകയാണ്
നിന്റെ ചിരിക്കുന്ന ആ ചുണ്ടുകളേക്കാൾ എനിക്കിഷ്ടം
എന്നോടുള്ള സ്നേഹത്താൽ തിളങ്ങുന്ന നിൻ മിഴികളാണ്
ആ മിഴികൾ കൊണ്ടെന്റെ സ്നേഹം അറിയാഞ്ഞിട്ടാണോ ?
അതോ , അറിയാത്തതായി ഭാവിക്കുന്നതാണോ ?

രശ്മി സജീവൻ
9 എ

# കനവിലെ നൊമ്പരം

പ്രണയമെ നീയെനിക്കന്നു തന്നതിൽ
ഞാനിന്നുമോർക്കുന്ന കണ്ണീരുകൾ
എവിടെയെൻ നൊമ്പരമാർന്നൊരു ഓർമ്മയുടെ ചെപ്പുകൾ
തന്നിരുന്നോ നീ എനിക്കു സുഖമുള്ള ഓർമ്മകൾ
രാവിന്റെ മടിയിൽ ഞാൻ അവളുടെ മൊഴിയിൽ
വീണു കിടന്നൊരു കാലമേ നിന്നെ ഞാൻ
വെറുക്കുന്നു എന്നുവോളം .
ജീവന്റെ തുടിപ്പേ എന്നിലെ കോശമേ
നിങ്ങളെന്തേ എന്നിലേക്ക് അവളെ നിറച്ചു .
പ്രണയമെന്ന ലോകത്തിൻ ദൈർഘ്യം
കോലാൽ  അളക്കുന്ന മാധ്യമ സൃഷ്ടിയെ ...
നീയാണു സത്യം എന്നു നിനച്ചതൊരു നാളുകൾ
കണ്ണിലായി കനവിലായി നീയലിഞ്ഞു .
കനവിന്റെ കാവലായി ഞാൻ ഇരുന്നനാൾ
കണ്ണിന്റെ മറവിൽ നീ പതുങ്ങിയപ്പോൾ
സത്യമെന്നൊരു കണ്ണിൽ നിന്നുമടർന്നയെൻ
തുള്ളിയെ നിനക്കെന്റെ വിട .

ഗൗരിനന്ദന എസ്
9 എ

# മാതൃത്വം

അമ്മയാണ് അമ്മയാണ് സത്യം
എന്നമ്മതൻ സ്നേഹമാണ് സത്യം
സഹനശക്തി രൂപിയാണമ്മ
എന്നും വാത്സല്യപൂർണമാണമ്മ

കാരുണ്യമെന്നതുണ്ടമ്മയിൽ
എന്നിലാവോളമുണ്ട് ആ നന്മ
പരമകാരുണ്യവാൻ ദൈവത്തിൻ
മഹത്തായ സൃഷ്ടിയാണമ്മ

മാർഗദർശിയാകുമെന്നമ്മ
എന്നും നന്മ തൻ ആൾരൂപമമ്മ
എന്നമ്മമ്മയെയാണെനിക്കിഷ്ടം
എന്നമ്മയാണമ്മയാണ് സത്യം

ജീവിതസാഗരത്തിലെന്നും
കൈത്താങ്ങി മാറുമെന്നമ്മ
എന്നും ഐശ്വര്യ പൂർണമാണമ്മ
എന്നമെൻ ജീവന്റെ ജീവനാം അമ്മ

**ആദിത്യ സജി**
**9 എ**

# കലിതുള്ളി ഭൂമി ഒരു മഴയായി

വിറച്ചുപോയെൻ മനസ്സിന്ന്
നിൻ ഉഗ്രരൂപത്താൽ
പറയാതെ അറിയാതെ ഒരുനാൾ
വന്നു നീ ഉഗ്രരൂപിണിയായി

അന്നു നീ ഒലിച്ചിറങ്ങി
ഇന്നു നീ വരണ്ടുണങ്ങി ....
മനുഷ്യരാശിയെ ഇല്ലാതാക്കി
നിന്റെ ഈ രൂപത്താൽ

കണ്ണുപൊത്തി നിന്നു ആ സമയത്ത്
നിൻ മക്കളുടെ കണ്ണുനീർ കാണാതെ
ഒടുവിൽ നീ പെയ്തിറങ്ങി
ഒരു പ്രളയമായി ,

ഇന്നു നീ പെയ്തില്ല
വിണ്ടുകീറിച്ച അമ്മയായ ഭൂമിയെ
ഇപ്പോൾ എവിടെ നീ
ഒന്നുതണുപ്പിക്കാനായി ഈ ഭൂമിയെ !!

*അനന്യ കെ പി*

*9 എ*

# മാതൃഭൂമി

ജീവന്റെ ഉറവിടമാം മാതൃഭൂമി
ജീവന്റെ ജീവനാം മാതൃഭൂമി
പച്ചപ്പ് നിറച്ച പുണ്യഭൂമി
ജീവന്റെ പുണ്യമാം മാതൃഭൂമി
നദികളും പുഴകളും എന്തുഭംഗി
സ്വർണമാം വയലുകൾ എന്തുഭംഗി .
തത്തകളുടെ കൊഞ്ചലും
പുഴകളുടെ ശബ്ദവും
മനോഹരമാക്കുന്ന നാട്ടുഭംഗി
പച്ചപ്പ് വിരിക്കും തെങ്ങോലകളും
രാത്രിയാം നിലാവിന്റെ നിഴലും
നദിയെ മനോഹരമാക്കുന്നു .
നമ്മുടെ ജീവന്റെ പുണ്യഭൂമി
നശിക്കാതെ അവയെ
എന്നെന്നും കാക്കുക .

അഞ്ജന സാജു
9 ബി

# കണ്ണീർമഴ

ഒലിച്ചിറങ്ങി  മഴ കേരളഭൂമിയിൽ
കടലുകൾ നിറച്ച് കായൽ നിറച്ച്
വന്നെത്തി അവ വീട്ടിൻ മുറ്റത്ത് .
ഉറക്കം കെടുത്തി നാടിനെ
വിറപ്പിച്ച്  വന്നെത്തി അത് .
പോകാനൊരിടം തേടിയലഞ്ഞു
ജനത എങ്ങും ബാക്കി കണ്ണീർ മാത്രം .

നന്ദന മാധവൻ
9 ബി

# കേരളം

ദുരന്തത്തിൽ നിന്ന് ഉയർന്നു വന്നൊരു കേരളം

ഹാ ഹാ കേരളം ......

നമ്മുടെ നാടിൻ പച്ചപ്പിൽ നിന്നൊരു മാറ്റമുണ്ടാക്കിയ
ദുരന്തം ഹാ ഹാ കേരളം
പച്ചപ്പ് തിരിച്ചുപിടിച്ച മലയാളനാടിൻ
നമ്മുടെ കേരളം
ജാതിമത വർഗം ഒന്നിച്ച് നിന്ന് തിരിച്ചു പിടിച്ച കേരളം
ഹാ ഹാ കേരളം
ഒരു കുടക്കീഴിലെന്നപോലെ നിന്നൊരു
മലയാളിമനസ്സുകൾ
ഹാ ഹാ കേരളം
വെള്ളക്കെട്ടിൽ നിന്ന് കൈ പിടിക്കാൻ വ്യുമ്പി ആളുകൾ
നമ്മുടെ കേരളം
ആ കൂട്ടായ്മ ഇനിവരുമോ

ഡാമുകൾ തുറന്നൊരു നേരത്ത് ഓരോ നിമഷവും പേടിച്ച്
നടന്ന നേരം നമ്മുടെ കേരളം
കുഞ്ഞോമനകൾ പേടിച്ച് വിറച്ചൊരു നേരം പ്രളയകാലം
നമ്മുടെ കേരളം

***അശ്വതി ബി***
***9 ബി***

# കേരളനാട് ജീവനനാട്

കേരളം നമ്മുടെ നാടാണ്
കേളികളുള്ളൊരു നാടാണ്
പുഴകളും കരകളും കുടി
നിവർന്നൊരു നാടാണ്

പച്ച നിറഞ്ഞു പടർന്നു
കിടന്നൊരു നാടാണിത്
നമ്മുടെ കേരളനാടാണ്
മാമലതോറും പീലി വിടർത്തി
വരുന്നൊരു നാടാണ്

പ്രളയമെന്നൊരു വൻകടൽ
വന്നു വീശി വിരിച്ചൊരു നാടാണിത്
നമ്മുടെ നാട് കേരളനാട്

രാവും പകലും വന്നിട്ടും പുതു
സൂര്യനുദിച്ചൊരു നാടാണിത്
നമ്മുടെ കേരളനാടാണ്

വാർമഴവില്ലായി വന്നിട്ടുന്നൊരു
മാമലനാട് നമ്മുടെനാട്
വയലുകൾ തോറും കണ്ടു
വരുന്നൊരു നാട് നമ്മുടെ നാട്

അമൃത ഹരീഷ്
9 ബി



# കവിയുടെ ഭൂമി

കവികൾ വർണ്ണിച്ചിരുന്നൊരു ഭൂമി
കവികൾ തൻ നാട് എന്നറിയുന്ന ഭൂമി
തെങ്ങിൻ തോപ്പുകൾ നിറഞ്ഞൊരു ഭൂമി
കളകളമൊഴുകുന്ന പുഴയുള്ള ഭൂമി
എന്തൊരു ഭംഗിയാർന്നൊരു ഭൂമി
പച്ചപ്പട്ടുടുത്തൊരു ഭൂമി
മലകൾ തൻ നാട് എന്നറിയുന്ന ഭൂമി
മനുഷ്യജന്മത്തെ സമ്പൂർണമാക്കിയ ഭൂമി
ഇന്നിതൊക്കെ കവികൾക്കു മാത്രം
വർണിക്കാനുള്ളൊരു വാക്കായി മാറി
മൃദുലമാം മേഘത്തിൻ കെട്ടഴിഞ്ഞു
മഴ വെള്ളം മെല്ലെ പാഞ്ഞു വന്നു .........

***വിഷ്ണുപ്രിയ 9 ബി***

# മുല്ലപ്പൂ

ഒരു സായാഹ്നസന്ധ്യയിൽ
വിരിഞ്ഞൊരു മുല്ലകൾ
സന്തോഷത്തിൻ തിരകൾ തല്ലി
ഒരു മഞ്ഞിൻ നിരകളിൽ
വെള്ളമ്പൽ പോലെ
മിഴികൾ തുറന്നവൾ ഉണർന്നു .
സൗന്ദര്യത്തിൻ നന്മകൾ ചൊരിഞ്ഞവൾ
പുഞ്ചിരി തൂകി അവൾ നോക്കി .
ഒരു വെള്ളരി പ്രാവിനെ പോലെ
ഇതളുകൾ വിടർത്തി അവൾ നിന്നു .
മനസ്സിൻ നന്മകൾ വാരി
നൽകിയവൾ
സ്നേഹകുടമായി നിറഞ്ഞവൾ .
ഒരു പ്രണയിനിയായി
മാറിയവൾ ഒരു മഴത്തുള്ളിയായി
പൊഴിഞ്ഞവൾ .
നന്മകൾക്കവളൊരു സുഗന്ധമായി മാറി
ഒരു ചെറുപുഷ്പമായി മാറി .....

നിത്യ ഇ എൻ
9 ബി

# പ്രളയം

ഹേ പ്രകൃതി നീയെൻ നാടിനു തന്നു ദുരന്തം
എങ്ങും വിരഹമായി തീർന്നു ആ പ്രളയം
എൻ നാടിൻ ജീവിതാന്തരീക്ഷം താനെ മാറി .
പുഞ്ചിരിച്ചു നിന്ന പച്ച പാടങ്ങൾ മരിച്ചു .
എത്രയോ ജീവൻ നിലച്ചു നിൻ കുസൃതിയിൽ.
ഒരു കുതിരയെപ്പോലെ ഞാൻ പാഞ്ഞു നിൻ-
വികൃതിയിൽ.
കാലനെ പോലെ നീവന്ന നാളുകളിൽ
എൻ കൂരപോലും തകർന്നില്ലയോ പ്രളയമേ.
എത്രയോ മനുഷ്യർ പട്ടിണ്ി പാവങ്ങളായി മാറി ,
യമനായി വന്നു നീ തകർത്തു നാടിൻ ചിരി
നീ വരുമെന്നു ഞാൻ ഓർത്തതില്ല .
വന്ന നാളുകൾ ഞാൻ കരഞ്ഞുതള്ളി .
എൻ നാടിൻ നിലവിളി കേട്ടനീ ഇനി വരല്ലേ.
*എൻ നാടിനു നാശമായി !!!!*

*നീരജ കെ ജെ*
*9 ബി*

# പ്രളയമെന്ന ദുരന്തം

" അന്ന് ഒരു മഴപെയ്തേ ...
പുഴകൾ കരകവിഞ്ഞേ ...
കവിഞ്ഞൊഴുകുന്നിതാ
പുഴകളും നദികളും .
ദുരന്തപ്പെയ്ത്തിതാ  പെയ്യുന്നേ , പെയ്യുന്നേ !
വീടുകളിൽ വെള്ളം നിറഞ്ഞേ ...
എന്തു ചെയ്യും , എന്തു ചെയ്യും .
ജനങ്ങൾ മരിക്കുന്നു , ബാക്കി
ഉള്ളവർക്കിടയിൽ പട്ടിണി
വർധിക്കുന്നു .
സുന്ദരിയാം പച്ച പാവാടയണിഞ്ഞ
മലകളിൽ നിന്ന് മഴവെള്ളപ്പാച്ചിലും ,
ഉരുൾപ്പൊട്ടലും ഉണ്ടാവുന്നേ !
ഭൂമിയിലെ പച്ചപ്പ് പോയി ,
വീടുകൾ പോയി ,
മനുഷ്യൻ പോയി ,
എല്ലാം പോയി .
പ്രളയത്തെ അതിജീവിക്കാൻ നമ്മൾ
എന്തു ചെയ്യാം , എന്തു ചെയ്യാം ."

അരുണിമ സുരേഷ്
9 ബി

# മഴത്തുള്ളികൾ !!!!!!

മഴ വരും മഴ വരും  പേമാരിയായ്
മഴ വരും മഴ വരും ഒരു പേടിസ്വപ്നമായ്
തോരാമഴയായ് ഞങ്ങളുടെ അരികിൽ വന്ന്
ഞങ്ങളുടെ വീടുകളെല്ലാം ഒഴുക്കിക്കൊണ്ടുപോയ് .

ഇരുണ്ട കാർമേഘങ്ങളായി വന്ന മഴ
മനുഷ്യ ലോകത്തിലേക്ക്
മനുഷ്യരേ മയക്കി കൂട്ടത്തിൽ കൊണ്ടുപോയി
കൊന്നൊടുക്കി ക്രൂരമായ തുള്ളികൾ
ഹെലികോപ്റ്ററിൽ വന്ന മനുഷ്യർ
പാവപ്പെട്ടവരുടെ ജീവൻ രക്ഷിക്കാനായി .

മഴ വരുന്നു മഴ വരുന്നു പേമാരിയായ്
മഴ വരുന്നു മഴ വരുന്നു തോരാമഴയായ്
പേടി സ്വപ്നമായി !!!!!!

മീനാക്ഷി മോഹൻ
9 എ

# പ്രളയക്കെടുതി

തീരാദുഃഖം പേറും
പ്രളയമെന്ന മാമഴയിൽ
ഒരുറുമ്പുപോൽ ഒലിച്ചുപോയ്
ദുരിതമെന്ന സാഗരത്തിൽ
സങ്കടം പേറി എല്ലാം നഷ്ടപ്പെട്ട്
ജാതി - മത ഭേദങ്ങളൊന്നുമില്ലാതെ
ഒരു കുടക്കീഴിൽ സഹായത്തിനായ്
കേഴുന്നു കേഴുന്നു ......
എല്ലാം നശിച്ച്
എല്ലാവരെയും വേർപിരിച്ച്
നാടാകെ വിറപ്പിച്ച പ്രളയം
നാടാകെ വിറപ്പിച്ച പ്രളയം
സ്നേഹമെന്തെന്ന്
ഒരുമയെന്തെന്ന്
പഠിപ്പിച്ച പ്രളയം
പ്രകൃതിയുടെ പ്രളയം .
കേരളം എന്നൊരു
മരുഭൂമിയും , ശ്മശാനവുമായ്
തീരുന്ന നിമിഷം
തീരാത്ത വേദനയോടെ

അഖില മോഹനൻ

9 എ

നീങ്ങുന്നകേരളം!!!!!!

# എന്റെ കൂട്ടുകാരി

ഓർമ്മകളുടെ പൂകാലവുമായി എന്റെ മനസ്സിൽ
ആ പൂക്കാലത്തിലെ ഒരു പൂവാണു നീ
എന്റെ കൂട്ടുകാരി
ജീവന്റെ ജീവനായ കൂട്ടുകാരി
ആദ്യമായി വന്ന വിദ്യലയത്തിൽ
എൻകൂടെ കൈപിടിച്ച് വന്നവൾ നീ
നേരിന്റെ നേർവഴികളിലൂടെ
എന്റെ ജീവിതം നയിച്ചത് നീ
ഓർമ്മകൾ പൂവണിയുന്ന എന്റെ കാലത്തിൽ
പരിമളം പതർത്തി നീ എൻ  ജീവിതത്തിൽ
അങ്ങോട്ടും ഇങ്ങോട്ടും ആടുന്ന
ഒരു കുഞ്ഞു പൂവാണു നീ
എന്തിന് നീ എന്നെ തനിച്ചാക്കി പോയി
ഞാനൊന്നു കരയുമ്പോൾ നിറമിഴികളോടെ
എൻ അരുകിലെത്തുന്ന നീയെവിടെ?
നീ ഇല്ലാതെ എന്റെ ജീവിതത്തിൽ
പൂവുകൾ വിരിയാത്ത പൂക്കാലമായി
ആ പൂക്കാലത്തിൽ ഞാൻ തനിച്ചായി.

അലീന വർഗീസ്

9 എ

# MYSTERY

In early Ireland there was a man named Muhammad Sultan . His wife name is Noorashana . They have two children named Eena and Sana . Eena was very brilliant and a marvellous singer. she was very beautiful and kind hearted . Every one loves her very much. She has a soft voice just like angel,Who sings in paradise. But Sana have no any artistic skills .so she was very jealous of Eena. one day there was a singer contest. Eena participated in it and got 1 st prize. So every one was pleasant except Sana. After this she taken a decision.

The decision was that she also emulate like her sister .but in a wrong way. In one day there was a competitive exam Eena and sana participated in it Eena work hard for that exam and Sana was thinking to win the exam in a wrong way. . she called her best friend Olivia who was very brilliant . But her habit was not good. She asked Olivia to participate in exam and show the answers to she . In order of that she presented her a golden watch which father brought to her in last birth day . Olivia agreed to it. And when day of competition arrived they do so. And finally result of exam arrived every one was very curious to know the the result.

The 1 st prize goes to Sana and Olivia. And second prize goes to Eena . Every one was shocked ,because every one expect that 1 st prize belongs to Eena . The teacher knows that there is any mystery behind it .so she rechecked the answer sheet. Then she noticed that the both papers are similar . So she questioned Sana and Olivia then they said the truth being frightened of teacher. Teacher called her parents and say everything then Sana cried and said apologies to his father. Then father said that “we affectionate both our children equally.”then Sana realised the fact and said sorry to her sister and congratulated Eena for her fuclent. After that Eena helped Sana in her studies and they lived happier ever.

Aleena Jinu
9 A

# തനിയെ

ഞാൻ ഇന്ന് ഞാനായിരുന്നെങ്കിലെന്നാ
ഗ്രഹിച്ചീടുന്നൊരീ ദിനം.
ആരോരുമില്ലാത്ത ഏകന്തതതൻ
നാളിൽ തന്നോടു കൂടി പുഞ്ചിരിച്ചീടാൻ
പോലുമാരുമില്ലാത്തൊരാ, പാതിരാവിൽ
വേദനിച്ചീടുന്നു തൻമേനി ഇന്നിതാ
ആരോരുമില്ലലോ ഒന്നാജ്ഞച്ചെയ്യാൻ
ഇന്നു ഞാൻ നിന്നുടെ അടിമയാണെങ്കിലും
ഒരിക്കൽ എൻ മുന്നിൽ തലകുനിക്കും.
ഇന്ന് നീയെന്നോടു കാട്ടിടുന്നൊരീകൊല
അന്ന് ഞാൻ നിന്നിലേക്കിതാനയിക്കും.
അതുകണ്ടീട്ടെത്തിയും പൂനിലാ പുലരിയുടെ
സൗഹൃദത്തിന്മേൽ ഞാൻ പുഞ്ചിരിക്കും.

സാന്ദ്ര സി എസ്
9b

# പ്രകൃതി  എന്നമ്മ

എന്തു ഭംഗി എൻ അമ്മയെ കാണ്മാൻ
കാറ്റായ് നീ തഴുകുമ്പോൾ
മഴയായ് നീ പൊഴിയുമ്പോളെൻ-
നമ്മയുടെ സ്നേഹമെൻ  മനസ്സിൽ പതിഞ്ഞു......
ഹാ  പ്രകൃതിയേ,
നിയുമെൻ അമ്മയാണ്.
എന്നമ്മയായ നിന്നെ സംരക്ഷിച്ചീടും ഞാൻ
എന്നുമെന്നും
മറക്കില്ലി മൊഴി മരിക്കുവോളം
പ്രകൃതി ദേവതയെ നീ എന്നുമെന്നും
എൻ അമ്മ തന്നെ

ജയാഞ്ജലി k.സുരേഷ്
9 B

# ആമയും മുയലും

വെള്ളാണി പുഴയുടെ തീരത്ത് ഒരു കാട് ഉണ്ടായിരുന്നു. ഈ കാട്ടിലാണ് ആമയും മുയലും മറ്റ് ജീവികളും താമസിച്ചിരുന്നത്.

അങ്ങനെയിരിക്കെ ഒരു ദിവസം ആമ വഴിയിൽകൂടി നടക്കുകയായിരുന്നു.അപ്പോഴാണ് മുയൽ ആ വഴി വന്നത്. അപ്പോ,മുയല് ആമയെ പരിഹസിച്ചു.''അയ്യേ,നീ എന്താണ് ഇങ്ങനെ പതിയെ പതിയെ നടക്കുന്നത്.''എന്ന് പറഞ്ഞ് മുയൽ പരിഹസിച്ചു.അപ്പോൾ ആമ പറഞ്ഞു നമുക്ക് ഒരു ഓട്ടമത്സരം വെക്കാമെന്ന്. അത് മുയൽ സമ്മതിച്ചു. അവർ രണ്ടുപേരും കൂടി കാട്ടിലെ എല്ലാവരോടും ഈ മത്സരത്തെപ്പറ്റി പറഞ്ഞു.

അങ്ങനെ മത്സരദിനമായി. കാട്ടിലെ എല്ലാ ജീവികളും മത്സരം കാണാനെത്തി. മാവിൻചോട് മുപതൽ പൊട്ടക്കിണറ് വരെയായിരുന്നു മത്സരം.അങ്ങനെ മത്സരം തുടങ്ങി, മത്സരം തുടങ്ങിയപ്പോൾ തന്നെ മുയൽ ഓടൻ തുടങ്ങി.ആമയോ പതിയെ പതിയെ നടന്നു. മുയൽ പൊട്ടക്കിണർ എത്താറായി. അപ്പോൾ മുയൽ ഒന്ന് തിരിഞ്ഞ് നോക്കി.അപ്പോൾ നമ്മുടെ ആമ അങ്ങ് മാവിൻ ചോട്ടിൽ നിന്ന് നടന്നു വരുന്നതെയുള്ളൂ.അപ്പോൾ മുയൽ വിചാരിച്ചു:അവൻ അവിടെ നിന്ന് നടന്നു വരുന്നതെയുള്ളൂ.അതുകൊണ്ട് ഇത്തിരി നേരം വിശ്രമിച്ചേക്കാം.

അങ്ങനെ മുയൽ വിശ്രമിച്ച് മയങ്ങിപൊയി.അപ്പോൾ ആമ അതു വഴി നടന്നുപോയി. അങ്ങനെ ആമ വിജയിച്ചു.

പാവം മുയൽ പെട്ടന്ന് ഞെട്ടി ഉണർന്നു.അപ്പോൾ ആമയുടെ വിജയം കാട് മുഴുവൻ ആഘോഷിച്ചു.

**<u>ഗുണപാഠം:</u>**

മറ്റുള്ളവരുടെ കഴിവിനെ അംഗീകരിക്കാതിരിക്കുകയും,

സ്വന്തം കഴിവിനെ പുകഴ്ത്തുകയും ചെയ്യരുത്...

ദിയ ബിജു

9 ബി

# കിന്നരിപ്പൂച്ച

കിങ്ങിണികെട്ടിയ കിന്നരിപ്പൂച്ച പുത്തനുടുപ്പിട്ട് പാടത്ത് കൊയിത്തിനു പോകാനൊരുങ്ങി.കൊച്ചുമടിക്കുത്തിൽ പളപളാ മിന്നുന്ന പൊന്നരിവാൾ തിരുകിവെച്ചു.വലിയ വട്ടപ്പൊട്ടു കുത്തി കിന്നരിപ്പൂച്ച കുണുങ്ങിക്കുണുങ്ങി കിങ്ങിണിപ്പുഴയുടെ തീരത്തെത്തി.

കിങ്ങിണിയാറിൻെറ തീരത്തെത്തിയപ്പോഴോ? തോണിയും തുഴയുമൊന്നുമില്ല.അങ്ങനെ വിഷമിച്ചു നിൽക്കുന്ന കിന്നരിപ്പൂച്ചയുടെ അടുത്തേയ്ക്ക് മണികണ്ഠനാന ഓടിയെത്തി.

കിന്നരിപ്പൂച്ച മണികണ്ഠനാനയോട് ചോദിച്ചു.

മണികണ്ഠനാനേ....എന്നെ കിങ്ങിണിപ്പുഴയൊന്ന് കടത്താമോ?

അങ്ങനെയാണെങ്കിൽ ഞാൻ പുത്തരിച്ചോറ് നൽകാം.

പുത്തരിച്ചോറെന്നുകേട്ടപ്പോൾ തന്നെ മണികണ്ഠനാനയുടെ വയറു നിറഞ്ഞു. മണികണ്ഠനാന കിന്നരിപ്പൂച്ചയെ കിങ്ങിണിയാറു കടത്തി.അങ്ങനെ അവർ നല്ല കൂട്ടുകാരായി സന്തോഷത്തോടെ ജീവിതം മുന്നോട്ടു നയിച്ചു.

അലീന ജിനു

9 എ

# വെള്ളിസ്പൂൺ

കാത്തുവും അച്ഛനും അമ്മയും ദരിദ്രരായിരുന്നു.
അവരുടെ കൈവശം പാരമ്പര്യമായി കിട്ടിയ
ഒരു വെള്ളിസ്പൂൺ ഉണ്ടായിരുന്നു. അത്
അവർക്ക് പ്രിയപ്പെട്ടതായിരുന്നു. അവർക്ക്
ഭാഗ്യം കൊണ്ടുവരുമെന്നവർ വിശ്വസിച്ചു.
കാത്തുവിന്റെ അച്ഛനും അമ്മയും മരിക്കുകയും ചെയ്തു. അവൾ
അമ്മാവന്റെ വീട്ടിൽ താമസമാക്കി. അവിടെ ദാരിദ്ര്യം നിറഞ്ഞ
നാളുകളായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അമ്മാവന്റെ
മക്കൾക്ക് ഒരു വെള്ള എലിയെ കിട്ടി. അവർ ആ വെള്ള
എലിയെ ഉപദ്രവിക്കുകയും അതു കണ്ട കാത്തുവിന് സഹതാപം
തോന്നുകയും ചെയ്തു. കാത്തു വെള്ള എലിയെയും വെള്ളി
സ്പൂണിനേയും എടുത്ത് കൊണ്ട് കാട്ടിലേക്ക് ഓടി. നടന്ന് നടന്ന്
ഉൾക്കാട്ടിലെത്തി. അവിടെ വച്ച് അവളുടെ കൈയ്യിൽ നിന്ന് വെള്ള
എലി ഓടിപ്പോവുകയും അതിനെ പിടിക്കുന്ന തിടുക്കത്തിൽ
അവളുടെ കൈയ്യിൽ നിന്ന് വെള്ളി സ്പൂൺ താഴെ വീഴുകയും ചെയ്തു.
അവൾ ദുഃഖത്തോടെ പറഞ്ഞു,വെള്ള എലിയെ രക്ഷിച്ച തിന്റെ
പകരമായി ദൈവം എനിക്കു തന്ന ശിക്ഷയാണ് ഇത്. അവൾ
ഇത്രയും പറഞ്ഞ ശേഷം വെള്ളി സ്പൂൺ തപ്പി ഇറങ്ങി. അവൾ
എന്തിലോ തട്ടി വീഴുകയും എഴുന്നേറ്റ് നോക്കിയപ്പോൾ ഒരു വെള്ളി
കുടത്തിൽ നിറയെ സ്വർണ്ണം കണ്ടു. അവൾ അത് എടുത്ത്
സുഖമായി ജീവിച്ചു.

*MALAVIKA .R. PRASAD*
*9 B*

# White sheep

white sheep,white sheep
on a blue hill,
when the wind stops
you all stand still
when the wind blows,
you walk away slow.
White sheep,white sheep
where do you go?



MEENAKSHI MOHAN
9 A

# *RAINY NIGHTS*

*I like the town on rainy nights*
*When everything is wet.*
*When all the town has magic lights*
*And streets of shining get!*

*When all the rain about the town*
*Is like a looking glass,*
*And all the lights are upside down*
*Below me as I pass.*

*In all the pools are velvet skier,*
*And down the dazzling streets.*
*A fairy city gleams and lies*
*In beauty at my feet.*

Haripriya Sajeev
9 A

# SYMPATHY

*I lay in sorrow,in deep distress;*
*My grief a proud man heard;*
*His looks were cold,he gave me gold,*
*But not a kindly word.*

*My sorrow passed-I paid him back*
*The gold he gave to me;*
*Then stood erect and spoke my thanks*
*And blessed his charity.*

*I lay in want,and grief,and pain;*
*A poor man passed my way,*
*He bound my head,he gave me bread,*
*He watched me night and day.*

*How shall I pay him back again*
*For all he did to me?*
*Oh,gold is great,but greater far*
*Is heavenly sympathy.*

Sivapriya R Prabhu
9 B

# A girl called golden

*Why did you run*
*When your schoolmates were walking?*
*Why did you sprint*
*if they started to run?*
*Why did you train*
*While others were playing?*
*What was the secret*
*that made it seem fun?*

*the words*
*that some others rejected,*
*Knowing thaWas it the feel*
*of the fresh air and sunshine?*
*Was it the stir*
*of the breeze in your hair?*
*What made the coach*
*recognize you were special?*
*Was it because*
*you had courage to spare?*

*Showing your will*
*When the muscles were aching,*
*Long spells of effort*
*and much to be learned,*
*Heedingt winning*
*could only be earned.*

*Time slipped away*
*then came the Olympics*
*Still in your teens*
*but spurred on by the cheers;*
*Glory at last -*
*as you gained your gold  medals,*
*A time to remember*
*the rest of your years.*

Parvathy P.V
8 A

# വർണ്ണപ്പൂക്കൾ

നമ്മുടെ  നാട്ടിൽ  എവിടെനോക്കിയാലും
ചിരിതൂകി നിൽക്കുന്നത്  പൂക്കളാണ്,
എവിടെ  തിരിഞ്ഞൊന്നു നോക്കിയാലും
പൂക്കളാണവിടെല്ലാം  കൺനിറയെ
മലയാള  നാടിന്ന ഭംഗിയേകും
പലപല വർണത്തിലുണ്ട്പൂക്കൾ
എവിടെ വിശേഷമുണ്ടെങ്കലെന്താ
അവിടെയും  രാജ്ഞിയായി പൂക്കൾതന്നെ
എന്തൊരു ചാരുതയാണിവൾക്ക്
മധുരമാം പൂമ്പൊടി തൂവിനിൽക്കും
ആരെയും  വെല്ലുന്ന  ഭംഗിയണി
കൺപോളപോലുള്ള  ഇതളുകൾക്ക്

നന്ദനാ ബാലകൃഷ്ണൻ
10 ബി


# അമ്മ

ഒരിടത്ത് അച്ഛനും അമ്മയും ഒരു മകളും താമസിച്ചിരുന്നു. അവർ സുഖമായി താമസിച്ച് വരുകയായിരുന്നു. അങ്ങനെയിരിക്കെ അച്ഛന് ഒരു പനി വന്നു. ആശുപത്രിയിൽ ചികിത്സതേടി. അപ്പോഴാണ് അവർ അറിയുന്നത്,തന്റെ ഭർത്താവിന് കാൻസറിന്റെ  ആരംഭമാണെന്ന് അറിയുന്നത്. ചികിത്സക്ക് 25 ലക്ഷം രൂപ വേണമെന്ന് ഡോക്ടർ പറഞ്ഞു. കടം വാങ്ങിയും പലിശകെടുത്തും അവർ ഓപ്പറേഷൻ നടത്തി. അയാൾ സുഖപെട്ടു. അപ്പോളാണ് കടക്കാർ വീട്ടിൽ വന്ന് പണം ചോദിച്ചത്. എന്നാൽ അവരുടെ കയ്യിൽ പണമില്ലായിരുന്നു. ആ കുടുംബം ആത്മഹത്യയുടെ വക്കിലെത്തി. അന്ന് രാത്രി ആ അച്ഛൻ ആത്മഹത്യ ചെയ്തു. ആ അമ്മയും മകളും ഒറ്റപ്പെട്ടു. എന്നിട്ട് അവർ ഒരുപാട് പഴികൾ കേട്ടു. അവർ അമ്മയുടെ വീട്ടിൽ പോയി. അവർ ജോലിക്ക് പോയി മകളെ പഠിപ്പിച്ചു. മകൾ പഠിച്ച് വലുതായി ആ അമ്മയെ പൊന്നുപോലെ നോക്കി. ഇങ്ങനെ ഈ കഥ അവസാനിക്കുന്നു.

രശ്മി
9 എ

# PUZZLES

## FIND THE NUMBER OF TRIANGLES IN THE FIGURE



## MAGIC SQUARE

| | | |
|---|---|---|
| 8 | | 6 |
| | | |
| 4 | | 2 |

1+1+1+1+1+1+
1+1+1+1+1
1+1*0+1=?

## ONLY FOR GENIUS

| | | | |
|---|---|---|---|
| 3 | 2 | -- | 7 |
| 5 | 4 | -- | 23 |
| 7 | 6 | -- | 47 |
| 9 | 8 | -- | 79 |
| 10 | 9 | -- | ? |

# अधूरे सपने

चेक गॉव में ननदना नामक ऐक औरत रहती थी ।वह मटका बेचकर जीविका चलती थी ।शहर और गॉव के कोन कोन पर घुमकर वह सौदा करती थी।ऐॅक दिन वह मडक लादकर शहर की ओर जा रही थी ।बहुत दूर पौदल जाना था ।उसके मन में चलते चलते ऐॅक सपना आया ।वह विचार कर रही थी- मैं इन मटकों को बेचकर एक मुरगी खरीदॉगी ।मुरगी बडे बन जाने पर मुझे बहुत अंडे देगी ।अंडे के रुपये एकतॅर करके कुछ महीने के बाद मैं एक गाय खरीदॅूगी ।गाय खुब दूध देगी।दूध बेचकर कया कया करू यह सोचकर वह सडक पार कर रही थी।उसके पैर अचानक फिसल गये।वह सडक पर गिर गयी।सब मटके नीचे गिर कर टुट गये ।उसके सपने भी टुट गये।

Aswathi Siva

9 B

# बाँसुरी

बॉसुरी मेरी पयारी कितनी
मीठे राग सुनाती ।
चंचल- चंचल दुनिया सारी आके
ताल उसी का लेती ।

कोयल रानी चुपके आके
गीन मधुर आपनाती ।
मनहर तितली फुल छोडके
धुन में लीन हो जाती ।

कल - कल करती बहती नदिया
अनहद में खो जाती ।
मीठे राग सुनाती बॉसुरी ।
सबका दिल बहलाती ।

Archana Santhosh
9 B

# ലിറ്റിൽ കൈറ്റ് സ് സ്കൂൾ അംഗങ്ങൾ



| Sl.No | Name of Students | Class |
|---|---|---|
| 1. | Haripriya Sajeevan | 9 |
| 2. | Reshmi Sajeevan | 9 |
| 3. | Akhila Mohanan | 9 |
| 4. | Aleena Jinu | 9 |
| 5. | Aleena Vargheese | 9 |
| 6. | Gowrynandana s | 9 |
| 7. | Meenakshi Mohan | 9 |
| 8. | Ananya k p | 9 |
| 9. | Sandra C S | 9 |
| 10. | Jayanjali k Suresh | 9 |
| 11. | Aswathy Siva | 9 |
| 12. | Malavika R Prasad | 9 |

| | | |
|---|---|---|
| 13. | Neeraja k J | 9 |
| 14. | Archana Santhosh | 9 |
| 15. | Diya Biju | 9 |
| 16. | Arunima Suresh | 9 |
| 17. | AmruthaHarish | 9 |
| 18. | Vaishnavi M | 9 |
| 19. | Abhina mol | 9 |
| 20. | Nithya E N | 9 |
| 21. | Ahalya venu | 9 |
| 22. | Vishnupriya | 9 |
| 23. | Anjana Saju | 9 |
| 24. | Aswathy B | 9 |
| 25. | Nandana Madhavan | 9 |
| 26. | Adithya Saji | 9 |

# PHOTOS ( KITE TRAINING)










2019.01.17 09:56

# ലിറ്റിൽ കൈറ്റ് സ്
# സ്കൂൾ ഡിജിറ്റൽ മാഗസിൻ ഉദ് ഘാടനം





**പി റ്റി എ പ്രസിഡന്റ് ഉദ് ഘാടനം ചെയ്യുന്നു**


THANKS YOU